കഴിഞ്ഞു. എന്നാൽ സ്ഥലം കൈവശം കിട്ടിയിട്ടില്ല. അഗ്രഇൻഡസ്ട്രീസ് കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായ മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയെ ഒരു സ്വതന്ത്രസ്ഥാപനമാക്കിക്കഴിഞ്ഞതിനുശേഷം പ്രോജക്ട് റിപ്പോർട്ട് കിട്ടിയാലുടൻതന്നെ വേണ്ടത് ചെയ്യുന്നതാണ്.

(12) കേരള കാർട്ടൂൺ അക്കാദമിയുടെ സാമ്പത്തിക പ്രയാസങ്ങൾ

ശ്രീ. എം. എം. ഹസ്സൻ: സർ, നമ്മുടെ ആളുകളെ ഏറ്റവും കൂടുതൽ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു കലയാണ് കാർട്ടൂൺകല. ചിത്രകലയ്ക്ക് പ്രോൽസാഹനം നൽകുന്ന ഈ ഗവൺമെന്റ് ഇന്ന് ഈ കാർട്ടൂണിസ്റ്റുകളെ അനുമോദിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് അടിയന്തിരനടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കാർട്ടൂണിസ്റ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിന് കാർട്ടൂൺ അക്കാദമി എന്ന പേരിൽ ഒരു സംഘടന തന്നെ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വരയ്ക്കുന്ന ആളാണ്. അദ്ദേഹംതന്നെ കാർട്ടൂണിസ്റ്റുകൾക്ക് ഒരു അസംസ്കൃത വസ്തുവാണ്. സർ, അങ്ങേക്കറിയാം അങ്ങയെ പോലുള്ള ആളുകളെ വരയ്ക്കാൻ കാർട്ടൂണിസ്റ്റുകൾ വളരെ ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബഹുമാനപ്പെട്ട സുന്ദരൻ നാടാർ, സുന്ദരം സ്വാമി, എം പി. ഗംഗാധരൻ തുടങ്ങിയവരെ വളരെ പെട്ടെന്ന് വരയ്ക്കാം. എന്നാൽ മുസ്ലീം ലീഗിലെ മന്ത്രിമാർ തൊപ്പി വെക്കാത്തതുകൊണ്ട് അവരെ വരയ്ക്കാൻ സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്. ലളിതകലാ അക്കാദമിക്കും, സംഗീത അക്കാദമിക്കും, സാഹിത്യ അക്കാദമിക്കുമൊക്കെ ഗവൺമെന്റ് പ്രോൽസാഹനം കൊടുക്കുന്നുണ്ട്. അതുപോലെ കാർട്ടൂൺകലയെ പ്രോൽസാഹിപ്പിക്കുന്നതിന് കാർട്ടൂൺ അക്കാദമിക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ.....

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, വളരെ എളുപ്പത്തിൽ വരയ്ക്കാൻ കഴിയുന്നത്, എന്നെയാണെന്ന് അവർ പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ അത് പ്രത്യേകം പറഞ്ഞല്ലോ. അതുകൊണ്ട് വരയ്ക്കുന്ന മുഖ്യമന്ത്രി ഭരിക്കുമ്പോൾ കാർട്ടൂണിസ്റ്റുകൾക്കുവേണ്ടി സഹായം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സാഹിത്യ അക്കാദമി തുടങ്ങിയവയൊക്കെ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. അവക്ക് ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. ഇതൊരു സ്വകാര്യ സ്ഥാപനമായതുകൊണ്ട് ഇതിന് ബഡ്ജറ്റിൽ പ്രൊവിഷനില്ല. എന്തായാലും കാർട്ടൂണിസ്റ്റുകളുടെ സംരംഭം പ്രോൽസാഹിപ്പിക്കുന്നതാണ്. അവർക്ക് അസംസ്കൃതപദാർത്ഥം ഇഷ്ടംപോലെ കൊടുക്കാം. അതിനൊരു കുഴപ്പവുമില്ല. എന്തായാലും ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly